REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 31-05-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഉപരാഷ്ട്രപതി C.P.രാധാകൃഷ്ണൻ ഇന്ന് കേരളത്തിലെത്തും. കോട്ടയത്തും കണ്ണൂരിലും പരിപാടികളിൽ പങ്കെടുക്കും.**
- **മധ്യവേനലവധിക്ക് ശേഷം സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും. സംസ്ഥാനതല പ്രവേശനോത്സവം തിരുവനന്തപുരം പട്ടം ഗവ. മോഡൽ ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ മുഖ്യമന്ത്രി VD സതീശൻ ഉദ്ഘാടനം ചെയ്യും.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ചിന്തകൾ പങ്കുവെക്കുന്ന പ്രതിമാസ മൻ കി ബാത് രാവിലെ 11ന്.**
- **സംസ്ഥാനത്ത് ജൂൺ ഒമ്പതിന് ട്രോളിങ് നിരോധനം നിലവിൽ വരും.**
- **IPL ക്രിക്കറ്റ് ഫൈനലിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഉപരാഷ്ട്രപതി C.P.രാധാകൃഷ്ണൻ ഇന്ന് കേരളത്തിലെത്തും. കോട്ടയത്ത് 'ദീപിക' മലയാള ദിനപത്രത്തിന്റെ 140-ാം സ്ഥാപക വാർഷികാഘോഷങ്ങൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും.

തുടർന്ന് കണ്ണൂരിലെ സ്വകാര്യ ചടങ്ങിലും ഉപരാഷ്ട്രപതി പങ്കെടുക്കും. സന്ദർശനത്തോടനുബന്ധിച്ച് വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

കർണാടകയിൽ ഉപമുഖ്യമന്ത്രി DK ശിവകുമാറിനെ കോൺഗ്രസ് നിയമസഭാ കക്ഷി യോഗം പുതിയ നേതാവായി തെരഞ്ഞെടുത്തു. മുഖ്യമന്ത്രി സിദ്ധരാമയ്യയുടെ രാജിയെ തുടർന്നാണ് യോഗം ചേർന്നത്. സിദ്ധരാമയ്യയും ഡോ. G പരമേശ്വരും ചേർന്ന് അവതരിപ്പിച്ച പ്രമേയം സാമാജികർ ഏകകണ്ഠമായി അംഗീകരിക്കുകയും അദ്ദേഹത്തെ അടുത്ത മുഖ്യമന്ത്രി സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുകയും ചെയ്തുവെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ അറിയിച്ചു. ശിവകുമാർ, ഗവർണറെ കണ്ട് ഗവൺമെന്റ് രൂപീകരണത്തിന് അവകാശം ഉന്നയിക്കുമെന്നും വേണുഗോപാൽ പറഞ്ഞു. ജൂണ് മൂന്നിനായിരിക്കും പുതിയ മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞ.

✪✪✪

തമിഴ്നാട്ടിൽ വിപ്പ് ലംഘിച്ച് കൂറുമാറി വോട്ടു ചെയ്ത നാല് MLA-മാർക്കെതിരെ നടപടി ആവശ്യപ്പെട്ട് AI-ADMK വിപ്പ് SS കൃഷ്ണമൂർത്തി, ഗവർണ്ണർ രാജേന്ദ്രവിശ്വനാഥ് ആർലേക്കറെ കണ്ടു. പാർട്ടിയിൽ നിന്ന് രാജി വെച്ച് തമിഴക വെട്രി കഴകത്തിൽ ചേർന്നത് കുതിരക്കച്ചവടമാണെന്നും വിപ്പ് ലംഘിച്ച് TVK ഗവൺമെന്റിന് അവർ വോട്ടു ചെയ്യുകയായിരുന്നെന്നും കൃഷ്ണമൂർത്തി ഗവർണറെ അറിയിച്ചു. വിഷയത്തിൽ പാർട്ടി ജനറൽ സെക്രട്ടറി എടപ്പാടി പളനിസ്വാമി ഗവർണ്ണർക്ക് പരാതി നൽകിയിട്ടുണ്ടെന്നും കൃഷ്ണമൂർത്തി പറഞ്ഞു.

✪✪✪

ഓപ്പറേഷൻ സിന്ദൂർ ദൗത്യത്തിൽ ഇന്ത്യൻ നാവികസേന പാക് നാവിക സേനയെ അവരുടെ തുറമുഖങ്ങളിൽ തളച്ചിട്ടതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു, ലഖ്നൗവിൽ ഓപ്പൺ എയർ നാവിക മ്യൂസിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു രാജ്യരക്ഷാ മന്ത്രി.

✪✪✪

തിരഞ്ഞെടുപ്പ് കമ്മീഷൻ കൗൺസിലുകളുടെ ദേശീയ സമ്മേളനം ന്യൂഡൽഹിയിൽ ചേർന്നു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഉദ്ഘാടനം ചെയ്തു. സുപ്രീംകോടതിയിലും ഹൈക്കോടതികളിലും കമ്മീഷനെ പ്രതിനിധീകരിക്കുന്ന അഭിഭാഷകരും, CEO-മാരും മുതിർന്ന ഉദ്യോഗസ്ഥരും സമ്മേളനത്തിൽ പങ്കെടുത്തു.

✪✪✪

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ ആഗോള പശ്ചാത്തലത്തിലും ഇന്ത്യൻ സമ്പദ് മേഖല കരുത്തോടെ നില നിൽക്കുകയാണെന്ന് ധനമന്ത്രാലയത്തിന്റെ പ്രതിമാസ സാമ്പത്തിക അവലോകനം വ്യക്തമാക്കി. വിദേശ നാണ്യ വിനിമയ ശേഖരം ഭദ്രമാണെന്ന് മെയ് മാസത്തെ അവലോകനം പറയുന്നു. ക്രൂഡ് ഓയിൽ വില കുതിച്ചുയരുമ്പോഴും സാമ്പത്തിക സമ്മർദ്ദം വർദ്ധിക്കുകയും ചെയ്യുമ്പോഴും അതിനെയെല്ലാം അതിജീവിക്കാൻ ഇന്ത്യൻ സമ്പദ് മേഖലയ്ക്ക് കഴിയുന്നുണ്ടെന്നാണ് വിലയിരുത്തൽ.

✪✪✪

രണ്ട് മാസത്തെ ഒഴിവുകാലത്തിനു ശേഷം സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും. എല്ലാ വിദ്യാലയങ്ങളിലും വിദ്യാർഥികളെ സ്വീകരിക്കാൻ പ്രവേശനോത്സവം ഉണ്ടായിരിക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് ........

.......വോയ്സ്...........

സംസ്ഥാനതല പ്രവേശനോത്സവം നാളെ രാവിലെ 9.30ന് തിരുവനന്തപുരം പട്ടം ഗവ. മോഡൽ ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ മുഖ്യമന്ത്രി VD സതീശൻ ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ N. ഷംസുദ്ദീൻ, K. മുരളീധരൻ, CP ജോൺ, ജനപ്രതിനിധികൾ, കലാ-സാംസ്കാരിക- വിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുക്കും.

കാസർകോട് ജില്ലാതല പ്രവേശനോത്സവം നാളെ രാവിലെ കൈക്കോട്ടുകടവ് പൂക്കോയ തങ്ങൾ സ്മാരക വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലാണ്.

കോഴിക്കോട് ജില്ലാതല പ്രവേശനോത്സവം നടുവണ്ണൂർ ഹയർ സെക്കൻഡറി സ്കൂളിൽ MK രാഘവൻ MP ഉദ്ഘാടനം ചെയ്യും.

S.S.L.C, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാലയങ്ങളെയും വിദ്യാർഥികളെയും സയൻസ് ഇൻസ്പയർ അവാർഡ് ജേതാക്കളെയും ജില്ലാ പഞ്ചായത്ത് ആദരിക്കും.

✪✪✪

ഇന്ന് ലോക പുകയില വിരുദ്ധ ദിനം. പുകയിലയും പുകയില ഉൽപന്നങ്ങളും ഉപയോഗിക്കുന്നതിലൂടെ കുടുംബത്തിലും സമൂഹത്തിലും പരിസ്ഥിതിയിലും ഉണ്ടാക്കുന്ന ദോഷഫലങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനാണ് ദിനാചരണം.

ദിനാചരണത്തോടനുബന്ധിച്ച് ആരോഗ്യ വകുപ്പ് ഇന്ന് മുതൽ ജൂൺ 26 വരെ കോഴിക്കോട് ജില്ലയിൽ വിപുലമായ പരിശോധനകളും കോട്പ നിയമ ബോധവത്കരണവും നടത്തും.

പുകയില ഉൽപന്ന നിരോധന നിയമപ്രകാരം ജനുവരി മുതൽ 14,078 പരിശോധനകൾ ജില്ലയിൽ നടത്തിയെന്നും ഒരു ലക്ഷത്തി 16,000ത്തോളം രൂപ പിഴ ഈടാക്കുകയും ചെയ്തുവെന്ന് ആരോഗ്യ വകുപ്പ് അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ചിന്തകൾ പങ്കുവെക്കുന്ന പ്രതിമാസ മൻ കി ബാത് രാവിലെ 11ന്. പരിപാടിയുടെ 134-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലകളിലും മൻ കി ബാത് പ്രക്ഷേപണം ചെയ്യും. ഇതിനുപുറമെ , എയർ ന്യൂസ് വെബ്സൈറ്റിലും, ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും, ആകാശവാണി , ദൂരദർശൻ, പ്രധാനമന്ത്രിയുടെ ഓഫീസ്, വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകളിലും മൻ കി ബാത് കേൾക്കാം. പ്രധാനമന്ത്രിയുടെ ഹിന്ദി പ്രഭാഷണത്തിന് ശേഷം പ്രാദേശിക പരിഭാഷ നിലയങ്ങൾ പ്രക്ഷേപണം ചെയ്യും.

✪✪✪

സംസ്ഥാനത്ത് ഇന്നും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കോട്ടയം, എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലാണ് ശക്തമായ മഴയ്ക്ക് സാധ്യത.

✪✪✪

സംസ്ഥാനത്ത് ജൂൺ ഒമ്പതിന് അർദ്ധരാത്രി, ട്രോളിങ് നിരോധനം നിലവിൽ വരും. ജൂലൈ 31 അർദ്ധരാത്രിവരെ 52 ദിവസത്തേക്കാണ് മീൻപിടുത്ത വിലക്ക്. സംസ്ഥാന തീരക്കടലിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഉപരിതല മത്സ്യബന്ധനം നടത്താം.

ഡെസ്ക് റിപ്പോർട്ട്....

..........വോയ്സ്..

മത്സ്യസമ്പത്ത് സംരക്ഷിച്ച് ശാസ്ത്രീയ മത്സ്യബന്ധനത്തിന് വഴിയൊരുക്കാനാണ് ട്രോളിംഗ് നിരോധനം എന്ന് ഫിഷറീസ് വകുപ്പ് അറിയിച്ചു. ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലെ തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ

നൽകുന്നതിന് സിവിൽ സപ്ലൈസ് വകുപ്പുമായി സഹകരിച്ച് നടപടി സ്വീകരിച്ചുവരികയാണ്.

ട്രോളിംഗ് നിരോധനം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം വിളിച്ചു ചേർക്കും. അന്യസംസ്ഥാന ബോട്ടുകൾ കേരള തീരം വിടുന്നുണ്ടെന്ന് ഉറപ്പാക്കാനും ഹാർബറുകളിലെ ഡീസൽ ബങ്കുകൾ നിയന്ത്രിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

കഴിഞ്ഞ ദിവസം അന്തരിച്ച മുൻ മന്ത്രി ടി.യു.കുരുവിളയുടെ സംസ്കാരം ഇന്ന് വൈകിട്ട് കോതമംഗലം ചേലാട് സെന്റ് സ്റ്റീഫൻ ബഥേനിയ പള്ളിയിൽ നടത്തും. ശ്വാസകോശ സംബന്ധമായ അസുഖത്തെതുടർന്ന് ചികിത്സയിരിക്കെയായിരുന്നു 89-കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

✪✪✪

അന്തരിച്ച മുൻ കോഴിക്കോട് മേയറും സ്പോർട്സ് കൗൺസിൽ മുൻ പ്രസിഡന്റുമായ TP ദാസന്റെ ഭൗതികശരീരം ഉച്ചയോടെ മാവൂർ റോഡ് ശ്മശാനത്തിൽ സംസ്കരിക്കും.

രാവിലെ 8 മുതൽ CPIM ജില്ലാ കമ്മിറ്റി ഓഫീസിലും, 10 മുതൽ 11 വരെ ടൗൺ ഹാളിലും ശരീരം പൊതുദർശനത്തിന് വെയ്ക്കും.

പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ,LDF കൺവീനർ TP രാമകൃഷ്ണൻ, തുടങ്ങിയവർ ഇന്നലെ വീട്ടിൽ എത്തി ആദരാഞ്ജലി അർപ്പിച്ചു.

✪✪✪

IPL ക്രിക്കറ്റ് ഫൈനൽ ഇന്ന്. അഹമ്മദാബാദ് നരേന്ദ്രമോദി സ്റ്റേഡിയത്തിൽ നിലവിൽ ചാമ്പ്യന്മാരായ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. വൈകീട്ട് 7.30ന് ആണ് മത്സരം.

✪✪✪

ട്വന്റി-20 അന്താരാഷ്ട്ര വനിതാ ക്രിക്കറ്റിലെ രണ്ടാം മത്സരത്തിൽ ബ്രിസ്റ്റോളിൽ ഇന്നലെ ഇംഗ്ലണ്ട്, ഇന്ത്യയെ 26 റൺസിന് തോൽപ്പിച്ചു. ഇതോടെ മൂന്ന് മത്സര പരമ്പര 1-1 സമനിലയിലെത്തി. പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ചൊവ്വാഴ്ച ടോൺടണിലാണ്.

✪✪✪

സിങ്കപ്പൂർ ഓപ്പൺ ബാഡ്മിന്റൺ ഡബിൾസ് ഫൈനലിൽ സാത്വിക് സായ്‌രാജ് റങ്കി റെഡി - ചിരാഗ് ഷെട്ടി സഖ്യം ഇന്ന് ഇന്തോനേഷ്യൻ ജോഡിയെ നേരിടും. സൗത്ത് കൊറിയൻ താരങ്ങളെ തോൽപ്പിച്ചാണ് ഇന്ത്യൻ സഖ്യം ഫൈനലിലെത്തിയത്.

✪✪✪

കേരള പ്രീമിയർ ലീഗ് ഫുട്ബോൾ ഫൈനലിൽ ഇന്ന് കാലിക്കറ്റ് FC, ഗോകുലം കേരള FCയെ നേരിടും. തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിനാണ് മത്സരം.

✪✪✪

കേന്ദ്ര ശാസ്ത്ര, സാങ്കേതിക മന്ത്രാലയത്തിന് കീഴിലെ ഇൻസ്പയർ-മാനക് പുരസ്കാര ദേശീയതല മത്സരത്തിലേക്ക് കണ്ണൂർ ജില്ലയിലെ മൂന്ന് വിദ്യാർഥികളെ തിരഞ്ഞെടുത്തു. സംസ്ഥാനതല മത്സരത്തിൽനിന്ന് തിരഞ്ഞെടുത്ത അഞ്ച് പേരിൽ മൂന്ന് പേരും കണ്ണൂർ ജില്ലക്കാരാണ്.

കല്യാശ്ശേരി KPR മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കൻഡറിയിലെ PV.ശിവനന്ദ്, ചുഴലി ഗവർമെന്റ് ഹയർ സെക്കൻഡറിലെ നന്ദ ഉണ്ണികൃഷ്ണൻ, അഞ്ചരക്കണ്ടി ഹയർ സെക്കൻഡറി സ്കൂളിലെ സായി കൃഷ്ണ എന്നിവരെയാണ് തിരഞ്ഞെടുത്തത്.

✪✪✪

കൊട്ടിയൂർ വൈശാഖ മഹോത്സവത്തിൽ അക്കരെ കൊട്ടിയൂരിലെ നിത്യപൂജകൾക്ക് തുടക്കമായി. മണത്തണ കരിമ്പനയ്ക്കൽ ഗോപുരത്തിൽനിന്ന് ഭണ്ഡാരമെഴുന്നള്ളത്ത് അക്കരെ കൊട്ടിയൂരിൽ എത്തിയ ശേഷം ജലാഭിഷേകത്തോടെയാണ് നിത്യപൂജകൾ ആരംഭിച്ചത്. ഇന്നലെ മുതൽ സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനം തുടങ്ങി.

✪✪✪

കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് കോഴിക്കോട് KSRTC ബജറ്റ് ടൂറിസം സെൽ പ്രത്യേക യാത്രയൊരുക്കും. ജൂൺ 2, 5, 9, 12, 16, 19 തിയതികളിൽ പുലർച്ചെ അഞ്ചിന് ആരംഭിക്കുന്ന യാത്ര കൊട്ടിയൂർ ദർശനത്തിന് ശേഷം വൈകീട്ട് ആറിന് തിരിച്ചെത്തും.

✪✪✪

CBSE സിലബസിൽ ഹിന്ദി അടക്കം ത്രിഭാഷ പഠനം നിർബന്ധമാക്കിയ സാഹചര്യത്തിൽ കേരളത്തിലെ വിദ്യാലയങ്ങളിൽ ഈ അധ്യയനവർഷം തന്നെ LP തലം മുതൽ ഹിന്ദി പഠനം ആരംഭിക്കണമെന്ന് രാഷ്ട്രഭാഷാ വേദി

ആവശ്യപ്പെട്ടു. കോഴിക്കോട്ട് ചേർന്ന സംസ്ഥാന ഭാരവാഹി യോഗമാണ് ആവശ്യം ഉന്നയിച്ചത്.

✪✪✪

പ്രിയ ശ്രോതാക്കളെ, മലയാള വാർത്താ അവതാരകൻ എന്ന നിലയിൽ മുപ്പത് വർഷത്തിലേറെ നീണ്ട എന്റെ ആകാശവാണി ജീവിതം ഈ ബുള്ളറ്റിനോടെ അവസാനിക്കുകയാണ്. വാർത്തകൾ കൃത്യമായും സത്യസന്ധമായും ശ്രോതാക്കളിൽ എത്തിക്കാൻ കഴിഞ്ഞെന്ന വിശ്വാസത്തോടെയാണ് പടിയിറക്കം.

പൊടിപ്പും തൊങ്ങലും വെച്ചുകെട്ടുകളും ഇല്ലാത്ത വാർത്തകളുമായി അവതാരകരുടെ പുതിയ തലമുറ ഇനിയും ശ്രോതാക്കൾക്ക് ഒപ്പമുണ്ടാകും.
എല്ലാ ശ്രോതാക്കൾക്കും ആശംസകൾ.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News team : സയ്യിദ് അലി ശിഹാബ്, ശരണ്യരാജൻ*
*DEO: സി കെ സുബോധ്*